037204

<u>വിവരാവകാശ നിയമം - 2005</u>

5 രൂ. COURT FEE Rs.5 भारत INDIA पाँच रुपये FIVE RUPEES

5 രൂ. COURT FEE Rs.5 भारत INDIA पाँच रुपये FIVE RUPEES

തോമാസ്. എ.എസ്,
അക്കര ഹൗസ്,
റെയിൽവേ സ്റ്റേഷൻ. പി.ഒ,
വടക്കാഞ്ചേരി. വഴി,
തൃശ്ശൂർ - 680623,

പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
5-ാം നില,
വികാസ് ഭവൻ,
തിരുവനന്തപുരം.

OFFICE OF THE DIRECTOR OF SOCIAL JUSTICE
06 NOV 2017

സർ,

സാമൂഹ്യനീതി ഡയറക്ടറേറ്റിൽ നിന്നും താഴെ പറയുന്ന വിവരങ്ങൾ വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെടുന്നു.

1 03/01/2014 ലെ സ.ഉ.(പ്രി) നം.1/2014/ഉ.ഭ.പ.വ ഉത്തരവ് പ്രകാരം വകുപ്പിലെ ക്ലർക്ക്/ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് തസ്തികമാറ്റം വഴി അനുവദിച്ച ഉത്തരവിൻ പ്രകാരം സാമൂഹ്യനീതി വകുപ്പ് തയ്യാറാക്കിയ 19/11/2014 ലെ ഇ9-3400/2014(1)-(14) നമ്പർ സീനിയോറിറ്റി ലിസ്റ്റിൽ സീനിയർ ഗ്രേഡ് ഡ്രൈവർ, സെലക്ഷൻ ഗ്രേഡ് ഡ്രൈവർ എന്നീ തസ്തികകളിൽ പെട്ട ജീവനക്കാരെ ഉൾപ്പെടുത്തിയിരുന്നില്ല. പിന്നീട് സാമൂഹ്യനീതി ഡയറക്ടറുടെ 02/02/17 ലെ ഇ9/36379/16 നമ്പർ നടപടിക്രമപ്രകാരം ഇവരെ ഉൾപ്പെടുത്തുകയുമുണ്ടായി, ഇത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്? ആയതിന് കാരണമായ സർക്കാർ/ കോടതി ഉത്തരവുകളുടെ പകർപ്പുകൾ.

2 സാമൂഹ്യനീതി വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ എത്ര ക്ലർക്കുമാരുടെ തസ്തിക നിലവിലുണ്ട്? ജൂനിയർ എത്ര? സീനിയർ എത്ര?

3 21/12/2014 മുതൽ ഈ അപേക്ഷാ തീയതി വരെ സാമൂഹ്യനീതി വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ എത്ര ജൂനിയർ ക്ലർക്കുമാരുടെ ഒഴിവുകൾ ഉണ്ടായിട്ടുണ്ട്?

4 21/12/2014 മുതൽ ഈ അപേക്ഷാ തീയതി വരെ സാമൂഹ്യനീതി വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ എത്ര ജൂനിയർ ക്ലർക്കുമാർക്ക് നിയമനം നൽകിയിട്ടുണ്ട്? പി.എസ്.സി എത്ര? മറ്റുള്ളവയെത്ര?

5 സാമൂഹ്യനീതി വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് തസ്തിക മാറ്റം വഴിയുള്ള വകുപ്പ്തല പ്രൊമോഷന് അനുവദിച്ചിട്ടുള്ള തസ്തികയെത്ര?

6 സാമൂഹ്യനീതി വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് തസ്തിക മാറ്റം വഴിയുള്ള വകുപ്പ്തല പ്രൊമോഷന് അനുവദിച്ചിട്ടുള്ള തസ്തികകളിൽ എത്ര ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ നിയമിച്ചിട്ടുണ്ട്?

7 19/07/14 ലെ സ.ഉ.(പ്രി)നമ്പർ 21/2014/ഉ.ഭ.പ.വ ഉത്തരവിൽ, എൽ.ഡി.സി/ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ആദ്യത്തെ ഒഴിവ് തസ്തികമാറ്റം വഴിയുള്ള വകുപ്പ്തല നിയമനത്തിനും തുടർന്നുള്ള 9 ഒഴിവുകൾ (നിയമാനുസൃതം ആശ്രിത നിയമനം, അന്തർജില്ലാ സ്ഥലമാറ്റം തുടങ്ങിയവയ്ക്ക് നീക്കിവയ്ക്കേണ്ട ഒഴിവുകൾ ഒഴികെ) പി.എസ്.സി വഴി നികത്തണമെന്നും ഈ പ്രക്രിയ എൽ.ഡി.സി/ എൽ.ഡി.ടൈപ്പിസ്റ്റിന്റെ കാഡർ സ്ട്രെങ്ത്തിന്റെ 10 ശതമാനത്തിൽ ഇപ്രകാരമുള്ള തസ്തിക മാറ്റ നിയമനം എത്തിച്ചേരുന്നത് വരെ തുടരണമെന്നും വ്യക്തമാക്കുന്നു, ആയത് സാമൂഹ്യനീതി വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ ബാധകമാണോ? അല്ലെങ്കിൽ ആയത് വ്യക്തമാക്കിക്കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ്.

8 സാമൂഹ്യനീതി വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ എത്ര സീനിയർ ക്ലർക്കുമാരുടെ ഒഴിവുകൾ നിലവിലുണ്ട്?

9 സാമൂഹ്യനീതി വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ ജൂനിയർ ക്ലർക്കുമാരിൽ നിന്നും സീനിയർ ക്ലർക്ക് തസ്തികയിലേക്കുള്ള പ്രൊമോഷന്റെ റേഷ്യോയെത്ര?

10 സാമൂഹ്യനീതി വകുപ്പിൽ തൃശ്ശൂർ ജില്ലയിലെ ജൂനിയർ ക്ലർക്കുമാരിൽ നിന്നും പ്രൊമോഷൻ നൽകുന്നതിലേക്കായി തൃശ്ശൂർ ജില്ലയിൽ സീനിയർ ക്ലർക്ക് തസ്തികയിൽ നിലവിൽ ഒഴിവുകളുണ്ടോ?

11 സാമൂഹ്യനീതി വകുപ്പിൽ തൃശ്ശൂർ ജില്ലയിലെ ജൂനിയർ ക്ലർക്കുമാരിൽ നിന്നും പ്രൊമോഷൻ വഴി നികത്തപ്പെടേണ്ട തൃശ്ശൂർ ജില്ലയിലെ സീനിയർ ക്ലർക്ക് തസ്തികയിൽ മറ്റു ജില്ലക്കാരെ നിയമിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്ര പേരെ?

മേൽ ഉന്നയിച്ച ചോദ്യങ്ങൾക്കുള്ള മറുപടികളും ആവശ്യപ്പെട്ട പകർപ്പുകളും വിവരാവകാശനിയമ പ്രകാരം ലഭ്യമാക്കണമെന്നപേക്ഷിക്കുന്നു.സമയനഷ്ടം ഒഴിവാക്കുന്നതിനായി പകർപ്പുകൾക്കാവശ്യമായ തുകയായി 30/- രൂപ (മുപ്പത് രൂപാ മാത്രം) മുൻകൂറായി ട്രഷറിയിലടച്ചതിന്റെ ചലാൻ ഇതോടൊപ്പം ഹാജരാക്കിക്കൊള്ളുന്നു.

വിശ്വസ്തതയോടെ,

തോമാസ്. എ.എസ്,

വടക്കാഞ്ചേരി,
02/11/2017